കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാറളം ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ.(പി.7)136/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നം. 0487 2331249
Email: dotsr.ksad@kerala.gov.in
തിയതി: 17.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
കാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാറളം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-7, 3-1 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി7)136/2019 തിയതി:17/05/2019

## തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.10.17 മുതൽ 31.12.18 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2017-18 വർഷത്തെ പണം

പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ.കെ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.01.2019 മുതൽ 19.01.2019 വരെ |

| ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ | |
|---|---|
| ശ്രീമതി.ലിസി.ടി.ജെ. | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| ശ്രീ.ശിവദാസൻ.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.സിജു പി.ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.രേഖ ഇ.സി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.എസ്. ബാബു | 1.4.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി (ഇൻചാർജ്) | ശ്രീ.ഷാജിക്ക്.എം.എച്ച്. | 01.04.2017 മുതൽ 27.04.2017 വരെ |
| സെക്രട്ടറി | ശ്രീ.എസ്. മനോജ് | 27.04.2017 AN മുതൽ 07.06.2017 FN വരെ |
| | ശ്രീ.പി. ബി.സുഭാഷ് | 08.06.17 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.കെ.ജെ.കുര്യക്കോസ് | 01.04.2017 മുതൽ 31.03.2018 |

| | | |
|---|---|---|
| | | വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ശ്രീമതി. ആൻസി ജോസ് | 01.04.2017 മുതൽ 23.10.2017 FN വരെ |
| | ശ്രീമതി.ബിനി പി. | 23.10.2017 AN മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.സുരേഷ് കുമാർ. ടി.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മായ. എൻ.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജോമി ജോൺ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ് | - | - |
| വി.ഇ.ഒ.(കാറളം സർക്കിൾ) | ശ്രീ. സന്ദീപ്. എ.വി. | 01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീ. അഭിലാഷ് | 01.07.2017 മുതൽ 25.07.2017 FN വരെ |
| | ശ്രീമതി. രാധിക സി.ബി. | 25.07.2017 AN മുതൽ 31.03.2018 വരെ |
| വി.ഇ.ഒ.( മനവലശ്ശേരി സർക്കിൾ) | ശ്രീമതി. അജിത. പി.ബി. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മനോജ് കുമാർ പി. | 17.07.2017 മുതൽ 31.03.18 വരെ (17-07-2017 മുതൽക്കാണ് എ.എസ്. തസ്തിക നിലവിൽ വന്നത്) |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രാഖി.വി.ബാബു | 01.04.2017 മുതൽ 23.09.2017 FN വരെ |
| | ശ്രീമതി. ഹൃദ്യ (ഇൻചാർജ്) | 23.09.2017 AN മുതൽ 06.12.2017 വരെ |
| | ശ്രീമതി. സീന കെ. എസ്. | 06.12.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഇഷ മുരളി | 01.04.2017 മുതൽ 31.03.2018 വരെ |

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | ലേലം-നിയമാനുസൃതനികുതികൾ ഈടാക്കിയില്ല | 2-1 |
| 14 | ഇ-ടെൻഡർ ഫാറം വില്പന-തുക ലഭിച്ചില്ല | 2-2 |
| 15 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 |
| | ഭാഗം-3 | |
| 16 | വികസനഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 522 രൂപ തിരിച്ചടക്കണം- | 3-1 |

| | | |
|---|---|---|
| | അധികമായി വാങ്ങിയ ഗുണഭോക്തൃവിഹിതം ക്രമീകരിക്കണം | |
| 17 | ആശ്രയ-കുടുംബശ്രീ ക്ക് കൈമാറിയ നൽകിയ തുക വിനിയോഗിച്ചില്ല-5000 രൂപ തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | ഐ.സി.ഡി.എസ് സൂപ്പർവൈസർ -ബാങ്ക് പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കണം. | 3-3 |
| 19 | ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലർ -രേഖകൾ പൂർണമായും ഹാജരാക്കുന്നത് വരെ 6,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 20 | കാഴ്ചയില്ലാത്തവർക്ക് ലാപ്പ്ടോപ്പ്-ഗുണഭോക്താ-വിന് ലാപ്പ്ടോപ്പ് ലഭ്യമാക്കിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല-ചെലവ് തുക 28,740 രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ. മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്ലാസ്റ്റിക് കസേരകൾ വാങ്ങി നൽകി | 3-6 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ. താഴ്ന്ന നിരക്കിലുള്ള ടെൻഡർ നിരസിച്ചതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. | 3-7 |
| 23 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി | 3-8 |
| 24 | പഠനമുറി ഗുണഭോക്താവിന് അഡ്വാൻസ് അധികം നൽകി. | 3-9 |
| 25 | തെരുവു വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല. | 3-10 |
| 26 | പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിനിയോഗിക്കാതെ | 3-11 |

| | | |
|---|---|---|
| | വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ച-3000 രൂപ വികസനഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. | |
| 27 | സ്വയം തൊഴിലിന് സബ്സിഡി- രേഖകളുടെ അഭാവത്തിൽ ചെലവ് തുക 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-12 |
| 28 | സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-13 |
| 29 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി-അവലോകനം | 3-14 |
| | ഭാഗം 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 40 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| പാസാക്കിയ തീയതി | 29/03/2017 |
| കമ്മിറ്റി തീരുമാനം നമ്പർ | 1 |
| പ്രതീക്ഷിത വരവ് | 15,61,81,516 |
| പ്രതീക്ഷിത ചെലവ് | 14,83,32,500 |

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 16.06.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-2018 | 17/06/18-18/6/18 | KSA-TSR(E3)1150/18(39) dt.13.7.18 |

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് –2,18,22,906/-

വരവ് - 5,48,32,239/-

ആകെ – 7,66,55,145/-

ചെലവ് -7,04,29,408/-

നീക്കിയിരിപ്പ്- 62,25,737/-

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് പ്രകാരം തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10437000 | 10437000 | 10340234 | 96,766 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6942758 | 6942758 | 6942758 | - |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് –റോഡ് | 0 | 7327000 | 7327000 | 7327000 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2591000 | 2591000 | 2591000 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4900869 | 4900869 | 4871828 | 29,041 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | | | | |
| എം.എൻ.ആർ.ഇ.ജി.എസ്. തൊഴിലാളികളുടെ കൂലി | | 4225702 | 4225702 | 4225702 | - |
| എം.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21750 | 907912 | 929662 | 521107 | 408555 |
| സാക്ഷരത | | 408 | 408 | - | 408 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ടോട്ടൽ സാനിട്ടേഷൻ | 1,65,991 | 1,51,365 | 3,17,356 | 1,03,000 | 2,14,356 |
| ഐ.സി.ഡി.എസ്. | 456221 | 411303 | 867524 | 524810 | 342714 |
| എം.പി. ഫണ്ട് | | | | | |
| KWA റോഡ് ഇന്നവേഷൻ | 9147098 | - | 9147098 | 6138962 | 3008136 |
| ആർ.ജി.പി.എസ്.എ. | 1500000 | - | 1500000 | 1364009 | 135991 |
| സംസ്ഥാന ആവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.എൽ.എ. ഫണ്ട് | | 726049 | 726049 | 278882 | 447167 |
| കേരളോത്സവം | | | | | |
| വിമുക്തി | 25000 | 37500 | 62500 | 8800 | 53700 |
| ജോയിൻറ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്ത് | | 795000 | 795000 | 695000 | 100000 |
| ജില്ലാ പഞ്ചായത്ത് | | 1275000 | 1275000 | 1175000 | 100000 |
| B ഫണ്ട് | | 38281052 | 38281052 | 38281052 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7198439 | 12864080 | 20062579 | 0 | 20062579 |
| തനത് ഫണ്ട് | | | | | |
| ബാങ്ക് അക്കൗണ്ട് SBI തനത് | 1224742 | 5033690 | 6258432 | - | 6258432 |
| എസ്.ബി.ഐ.എം.ജി. എൻ.ആർ.ഇ.ജി.എസ്. | 1000 | 407555 | 408555 | - | 408555 |
| എസ്.ബി.ഐ. കറൻറ് | | 31964 | 31964 | - | 31964 |
| ട്രഷറി എസ്.ടി. എസ്.ബി. | 20062579 | | 20062579 | 20039786 | 22793 |
| ജെ.വി.എസ്.ടി.എസ്.ബി. | 684216 | | | | 684216 |
| മറ്റിനം | | | | | |
| ഭവനനിധി എസ്.ബി.ഐ. പ്ലാൻ | 16035 | 761 | 16796 | | 16796 |
| എസ്.ബി.ഐ. ഓ.എ.പി. | 11459 | 428 | 11887 | | 11887 |
| E payment | | | | | |

ഷെഡ്യൂൾ ബി4 പ്രകാരം ഐ.സി.ഡി.എസ് നീക്കിയിരിപ്പ് 342174/- ആണ്. വ്യത്യാസം

വിശദീകരിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 65068093 | 140 | 43515164 | 50 | 3 | 72.53% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| | പ്രോജക്റ്റ് നമ്പർ | പദ്ധതികളുടെ പേരുകൾ | പദ്ധതി അടങ്കൽ |
|---|---|---|---|
| 1. | 4 | കേരളോത്സവം | 35,000/- |
| 2. | 23 | ലൈഫ് മിഷൻ ജനറൽ ടാറിങ്ങ് | 75,000/- |
| 3. | 72 | മുത്താൽ റോഡ് | 5,00,000/- |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 21750 | 907912+<br>4225702 | 5155364 | 4746808.5 | 408555.5 |

വ്യത്യാസത്തിനുള്ള കാരണം ഖണ്ഡിക 1(12) ക്രമ നമ്പർ 14 പ്രകാരം വിശദമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22440 | 37 |
| കർഷകത്തൊഴിലാളി പെൻഷൻ | 5932300 | 475 |
| വിധവാപെൻഷൻ | 10087100 | 834 |
| വാർദ്ധക്യകാലപെൻഷൻ | 18014200 | 1375 |
| വികലാംഗപെൻഷൻ | 2665200 | 219 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 818500 | 68 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ഭൗതിക പരിശോധനയിൽ DayBook പ്രകാരം 21,804/- രൂപയും ക്യാഷ് ചെസ്റ്റ് പ്രകാരം 21,902/- രൂപയുമാണ് കാണുന്നത്. തുകയുടെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നമ്പർ 01/17-18(10.01.19)നൽകിയിരുന്നു. അധികമായി കണ്ടെത്തിയ 98/- രൂപ പൊതുജനങ്ങൾക്ക് ബാലൻസ് (ചില്ലറ) നൽകുന്നതിനായി ഫ്രണ്ട് ഓഫീസറുടെ സ്വന്തം കൈവശമുള്ള രൂപയിൽ നിന്ന് എടുത്തിട്ടുള്ളതാണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ ഇതുമായിബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ ഫ്രണ്ട് ഓഫീസ് ഡയറിയിൽ ഉണ്ടായിട്ടില്ല. ആയതിനാൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2. ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

3. ഓഡിറ്റ് മോണിറ്ററിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല

4. പൂർത്തീകരിച്ച പ്രോജക്ടുകളുടെ മോണിറ്ററിങ്ങ് റിപ്പോർട്ട്, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/12/18 | 10/2018 | 28/12/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2012-15.05.2012 | 2008-2012 | 30.11.2013 |

## 1-12 വാർഷികധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

1.12.1 വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ

1.12.1.1 എം.എൻ ലക്ഷം വീട് പ്രോജക്ടുമായി ബന്ധപ്പെട്ട് വി.ഇ.ഒ. (കാറളം), എസ്.ബി.ഐ. യിൽ സൂക്ഷിക്കുന്ന 31052285687 നമ്പർ ബാങ്ക് അക്കൗണ്ടിലെ 2017-18 ലെ സാമ്പത്തിക നില

ചുവടെ ചേർക്കുന്നു.

1/4/17 ലെ മുന്നിരിപ്പ്- 74164

പലിശ വരവ് - 2741

ആകെ -76905

പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചത്-76269

31/3/18 ൽ ബാക്കി -636

31.12.18 ൽ ബാക്കി -557.60

നിർവ്വഹണോദ്യഗസ്ഥ എക്സ് ഒഫിഷ്യോ സെക്രട്ടറി എന്ന നിലയിൽ ഈ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരിപ്പ് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. അല്ലെങ്കിൽ ഈ തുക നിർവ്വഹണോദ്യഗസ്ഥയുള്ള മുൻകൂർ എന്ന നിലയിലോ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ബാങ്ക് അക്കൗണ്ടിലെ ഇടപാടുകൾ വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 7 തീ 17/1/2019)

1.12.1.2 ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കാഷ്ബുക്ക് പ്രകാരം 25,180 രൂപ ബാങ്ക് മുന്നിരിപ്പ് കാണുന്നു. എസ്.ബി.ടി. ഇരിങ്ങാലക്കുട ശാഖയിലുള്ള 57070062224 നമ്പർ അക്കൗണ്ടിലെ ഈ തുകയും മേൽ ഖണ്ഡികയിൽ പരാമർശിച്ച രീതിയിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക നമ്പർ 3-13 കാണുക)

1.12.2. കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1 തൻവർഷം,അരിയർ

- റെസിഡൻഷ്യൽ-നോൺ-റെസിഡൻഷ്യൽ അരിയർ ഡിമാന്റുകളിൽ സാംഖ്യ-സഞ്ചയകളിൽ വ്യത്യാസമുണ്ട്.
- 2016-17 ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B9 പ്രകാരം വസ്തു നികുതിക്ക് 2017-18 ലേക്ക് അഡ്വാൻസ് കളക്ഷൻ വന്നതും സഞ്ചയ പ്രകാരം തൻവർഷത്തേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്ത തുകയും തമ്മിൽ വ്യത്യാസം ഉണ്ട്.
- 10097/- രൂപ ഈ വർഷത്തെ ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ Advance collection-PT ആയി (350410101,350410104-Advance collection-PT on Res.,Non Res bldg-) വന്നിട്ടുണ്ടെങ്കിലും RP 36 ഷെഡ്യൂളിൽ (liability 350410101 -Advance collection-PT on Res) 531/- രൂപയാണ് കളക്ഷൻ രേഖപ്പെടുത്തിയിട്ടുള്ളത്
- ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി കുടിശ്ശിക കാണിക്കുകയും നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011 /ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുകയും ചെയ്യേണ്ടിയിരുന്നത്. എന്നാൽ I-18 ഷെഡ്യൂൾ പ്രകാരം 280100104-Prior period income -Property tax on non residential buildings എന്ന ശീർഷകത്തിൽ 1969/- രൂപ വരവ് വന്നതായും 280100101-Prior period income -Property tax on residential buildings എന്ന ശീർഷകത്തിൽ 29314/- എഴുതി തള്ളിയതായും കാണുന്നു

<u>സഞ്ചയ മറ്റു അപാകതകൾ</u>

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

*** ഡിമാന്റ് -(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.1.3, 2.1.4 എന്നീ ഖണ്ഡികകളിലെ പട്ടികകൾ).

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വസ്തുനികുതിയുടെ 5% എന്ന നിരക്കിലല്ല ലൈബ്രറി സെസ്സ് രേഖപ്പെടുത്തിയിരിക്കുന്നത്. സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി കണക്കുകൂട്ടുന്ന തുകയിൽ വ്യത്യാസം വന്നിട്ടുണ്ട്.

2.1.1 തൻവർഷം റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 2165842 | 2035028 | 123173 | ***വരേണ്ടിയിരുന്ന |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | ബാലൻസ് 7641/-. എന്നാൽ 10829/- രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിട്ടുള്ളത്. കൂടാതെ 9062/- രൂപ അടുത്ത വർഷത്തേക്ക് excess amount-journal adjustment entry ആയി എടുത്തിട്ടുണ്ട്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2165842 | 2139200 | 118810 | 1) 9487/- രൂപ മാത്രമാണ് റെസിഡൻഷ്യൽ അധിക കളക്ഷൻ ആയി B9 ലേക്ക് ചേർത്തിട്ടുണ്ട്. (8956+531) (Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ 531/-). എന്നാൽ ശരിക്കുള്ള അധിക കളക്ഷൻ (കളക്ഷൻ-ഡിമാന്റ് വ്യത്യാസം) 92168/- രൂപയാണ്. മാത്രവുമല്ല റെസിഡൻഷ്യൽ കറന്റിൽ കിട്ടാനായി 11374/- രൂപ B15 പ്രകാരം (10832(BT)+ 542(LC)) കാണിച്ചിട്ടുമുണ്ട്. |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, | (2016-17 AFS 350410101- | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

| | | | | |
|---|---|---|---|---|
| | ഐ-1) | ഷെഡ്യൂൾ ആർ.പി-43) | Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | |

2.1.1 തൻവർഷം നോൺ-റെസിഡൻഷ്യൽ നികുതി തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 802489 | 774331 | 26878 | *** യഥാർഥ ബാലൻസ് 1280/- എന്നാൽ സഞ്ചയ DCBയിൽ 1578/-രൂപ കിട്ടാനുള്ള ബാലൻസ് ആയിയും കാണിച്ചിട്ടുണ്ട്. കൂടാതെ 586/-രൂപ അടുത്ത വർഷത്തേക്ക് excess amount-journal adjustment entry ആയി എടുത്തിട്ടുണ്ട് |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 802489 | 663706 | ഇല്ല | 1) നോൺ റെസിഡൻഷ്യൽ കറന്റിൽ കിട്ടാനായി 138783/- വരേണ്ടതിനു പകരം 1658 |

| | | | | |
|---|---|---|---|---|
| | | | | രൂപ മാത്രമാണ് B15 പ്രകാരം (1579+79(LC)) കാണിച്ചിട്ടുള്ളത്. 2) 610/- രൂപ നോൺ- റെസിഡൻഷ്യൽ അഡ്വാൻസ് കളക്ഷൻ ആയി B9 ലേക്ക് ചേർത്തിട്ടുണ്ട്. ((Rp 36 പ്രകാരം അഡ്വാൻസ് കളക്ഷൻ ഇല്ല). |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (2016-17 AFS 350410104- Advance collection-PT on Non Res. Bldg--ഇല്ല | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, ബി 9) |

2.1.3 അരിയർ റെസിഡൻഷ്യൽ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 778608 | 778978 | ഇല്ല | *** (ശരിക്കുള്ള അധിക കളക്ഷൻ 370/- രൂപയാണ്. എന്നാൽ അരിയർ ബാലൻസ് ആയി 7078 രൂപ കാണിച്ചിരിക്കുന്നു. കൂടാതെ 9062/- രൂപ അടുത്ത വർഷത്തേക്ക് excess amount- journal adjustment |

| | | | | |
|---|---|---|---|---|
| | | | | entry ആയി എടുത്തിട്ടുണ്ട് |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 986939* | 802331 | | 184608/- റെസിഡൻഷ്യൽ അരിയർ ബാലൻസ് വരേണ്ടിടത്ത് 7441/- രൂപയാണ് അരിയർ ബാലൻസ് (7087(BT)+354(LC)) (B15) ൽ വന്നിട്ടുള്ളത്. |
| | (2016-17-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *(റെസിഡൻഷ്യൽ കറന്റ്&അരിയർ ബാലൻസ് (578207+ 458079)/105x100=) 986939 രൂപ | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.4 അരിയർ നോൺ-റെസിഡൻഷ്യൽ ആകെ തുകയെ അടിസ്ഥാനമാക്കിയത്:

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 294465 | 291092 | ഇല്ല | *** 3835 (ശരിക്കുള്ള ഡിമാന്റ്-കളക്ഷൻ വ്യത്യാസം 3373/- രൂപയാണ്. ഈ തുകയാണ് അരിയർ ബാലൻസ് ആയി വരേണ്ടിയിരുന്നത്. |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | ഡിമാന്റ് ഇല്ല | 265388 | | ഡിമാന്റില്ലാതെ കളക്ഷൻ വന്നിടത്ത് നോൺ റെസിഡൻഷ്യൽ അരിയറിൽ കിട്ടാനായി 4031/- രൂപ (3839+192(LC)) B15 പ്രകാരം |

| | | | | |
|---|---|---|---|---|
| | | | | കാണിച്ചിട്ടുമുണ്ട് |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15), *(നോൺ റെസിഡൻഷ്യൽ കറന്റ്& അരിയർ ബാലൻസ് ഇല്ല | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

- 1/4/2017-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത്. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു. വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

*മേൽ കാരണങ്ങളാൽ വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം വസ്തുനികുതിയിനത്തിലുള്ള യാതൊരു തുകകളുടെയും കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.*

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി))

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. രജിസ്റ്ററിൽ Cost, Depreciation എന്നീ ശീർഷകങ്ങൾ ഉണ്ടെങ്കിലും സചിത്ര സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്യാത്തതിനാൽ മൂല്യം രേഖപ്പെടുത്തപ്പെടുന്നില്ല.

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 224583/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നില്ല. സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം, വില രേഖപ്പെടുത്തി വർഷാന്ത്യ മൂല്യം കണക്കാക്കിയിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))

6. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 29314 |
| 280100104-Prior period income-Property tax on non residential buildings | (1969) |
| 280200401-Prior period Expenses--other incomes | 134025 |
| 280800701-Prior period-Miscellaneous expenses | 1000 |

7. വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ "Net Decrease in cash and cash equivents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (15,597,169) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12,315,058) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേക അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

9. 2016-17 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Advance to others എന്ന ശീർഷകത്തിൽ നീക്കിയിരിപ്പ് 74,579/- രൂപയാണ്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2017-18ൽ ചെലവ് 5,20,264 രൂപയും, അഡ്ജസ്റ്റ് ചെയ്തതും എഴുതി തള്ളിയതുമായ തുകകളില്ലാത്തതിനാൽ നീക്കിയിരിപ്പ് 5,94,843 രൂപയുമാണ്. എന്നാൽ Receipts and Payments a/c ന്റെ ഷെഡ്യൂൾ RP-47 പ്രകാരം Advance to others എന്ന ശീർഷകത്തിലെ ചെലവ് 4,38,859/- രൂപയാണ്. അഡ്വാൻസ് രജിസ്റ്ററിലെയും Receipts and Payments a/c ലെയും തുകകൾ തമ്മിൽ 81,405/- രൂപയുടെ വ്യത്യാസം കാണുന്നു.

10. അഡ്വാൻസ് രജിസ്റ്റർ പ്രകാരം Festival Advance എന്ന ശീർഷകത്തിൽ 1,20,000 രൂപ ചെലവുണ്ട്. എന്നാൽ RP-47 schedule പ്രകാരം ഇത് 1,62,000 രൂപയാണ്. കാറളം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് Festival Advance കൊടുത്ത 1,20,000 രൂപയും മറ്റ് പഞ്ചായത്തുകളിൽ നിന്ന് കാറളം പഞ്ചായത്തിലേക്ക് സ്ഥലം മാറി വന്ന ജീവനക്കാരുടെ റിക്കവറി തുക അതാത് പഞ്ചായത്തുകളിലേക്ക് നൽകിയ 42,000 രൂപയും ചേർത്താണ് 1,62,000 രൂപ വാർഷികകണക്കിൽ ചെലവായി കാണിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ 42,000 രൂപ other recoveries from employeesഎന്ന ശീർഷകത്തിൽ വരവും ചെലവും ഉൾപ്പെടുത്തേണ്ടതായിരുന്നു.

11. Advance to Implementing Officers എന്ന ശീർഷകത്തിൽ RP-47 schedule പ്രകാരം 1,56,512 രൂപ വരവും 2,77,548 രൂപ ചെലവുമുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 12,164 രൂപ മാത്രമാണ്.

12. നിർവ്വഹണ ഉദ്യോഗസ്ഥർ കാഷ്ബുക്ക് 7A കാഷ്ബുക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. (പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 16))

13. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

14. NREGAS രജിസ്റ്ററുകൾ പ്രകാരം 17-18-ലെ opening balance 21750/- ആണ്. വാർഷിക കണക്കിൽ 1000/- രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലേലം-നിയമാനുസൃതനികുതികൾ ഈടാക്കിയില്ല

1961ലെ ആദായനികുതി നിയമം സെക്ഷൻ 206(c) പ്രകാരം സ്ക്രാപ്പ് ലേലത്തിന് ലേലതുകയുടെ 1%,2003ലെ കേരള മൂല്യവർദ്ധിതനികുതി നിയമം ഷെഡ്യൂൾ 3 പ്രകാരം ലേലതുകയുടെ 5% എന്നിങ്ങനെ നികുതി ഈടാക്കേണ്ടതാണ്.

പഞ്ചായത്ത് കെട്ടിടം പൊളിച്ചുമാറ്റിയതിന്റെ സ്ക്രാപ്പ് ലേലത്തിന് രശീതി നമ്പർ 11701090022/16-05-2017 പ്രകാരം 280122 രൂപ വരവുണ്ട്. എന്നാൽ ആദായനികുതി, മൂല്യവർദ്ധിതനികുതി എന്നിവ ഈടാക്കിയില്ല. ആയതിനാൽ 2801 രൂപ കേന്ദ്രസർക്കാരിനും 14005 രൂപ സംസ്ഥാനസർക്കാരിനും നഷ്ടം സംഭവിച്ചിട്ടുണ്ട്. ലേലം കൊണ്ട വ്യക്തിയിൽ നിന്നും തുക ഈടാക്കി കേന്ദ്രസർക്കാരിലേക്കും സംസ്ഥാന സർക്കാരിലേക്കും അടവാക്കേണ്ടതാണ്.

## 2-2 ഇ-ടെൻഡർ ഫോറം വില്പന-തുക ലഭിച്ചില്ല

ഇ-ടെൻഡർ ഫീസ് ഇനത്തിൽ 135321 രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് 2017-18 വർഷത്തിൽ ലഭിക്കുവാനുണ്ട്. ആയത് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ ഇനം മരാമത്ത് പണികളുടെ കരാറിലേർപ്പെട്ട താഴെ പറയുന്ന 11 പേരിൽനിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. പീയൂസ്.എം.വി.
2. ജേക്കബ്.കെ.പി.
3. രാധ അശോകൻ
4. ജയരാജൻ പി. എസ്.
5. മേരീബ എ. ഡി.
6. ഉണ്ണികൃഷ്ണൻ.ടി.എൻ.
7. ജയപ്രകാശൻ.വി.എസ്.
8. ബാബു.സി.എഫ്.
9. ബിജു ടോം
10. ലിജോ ജോസ്
11. റോജോ ജോസ്

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 6/17-18 തിയതി.17.01.19) ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത്, ഈ കരാറുകാർ തൊഴിൽ ചെയ്ത ദിവസങ്ങൾ സംബന്ധിച്ച് വ്യക്തമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല എന്നാണ്. മറുപടി തൃപ്തികരമല്ല. കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിൽ മേൽ പറയുന്ന കരാറുകാർ എത്ര ദിവസം തൊഴിലിൽ ഏർപെട്ടു എന്ന വിവരം ലഭ്യമാക്കി, 60 ദിവസത്തിൽ കൂടുതൽ ആണെങ്കിൽ കേരള പഞ്ചായത്ത് രാജ് ചട്ടം 204 (ബി) പ്രകാരം പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന ഫണ്ടിൽ നിന്ന് അധികമായി ചെലവഴിച്ച 522 രൂപ തിരിച്ചടക്കണം-അധികമായി വാങ്ങിയ ഗുണഭോക്തൃവിഹിതം ക്രമീകരിക്കണം

പ്രോജക്റ്റ് നമ്പർ 194/18

എസ്.സി. ഗുണഭോക്താക്കൾക്ക് വാട്ടർ ടാങ്ക്

നിർവ്വഹണം-വി.ഇ.ഒ. (കാറളം)

മേൽ പ്രോജക്റ്റ് പ്രകാരം 212 ഗുണഭോക്താക്കൾക്ക് 3127 രൂപ വിലയുള്ള വാട്ടർ ടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. വാട്ടർ ടാങ്കിന്റെ വിലയുടെ 25% ഗുണഭോക്തൃവിഹിതമായി 785 രൂപ നിരക്കിൽ 212 പേരിൽ നിന്ന് 1,66,420 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

വികസനഫണ്ടും ഗുണഭോക്തൃവിഹിതവും ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| I | വികസനഫണ്ട് ചെലവഴിച്ചത് | | | ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് | | |
|---|---|---|---|---|---|---|
| ക്രമ നം. | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ചെക്ക് നമ്പർ | തീയ്യതി | തുക |
| 1. | 22 | 23/3/2018 | 4,53,415 | 2748323 | 28/3/2018 | 1,65,209 |
| 2. | 26 | 28/3/2018 | 44,300 | | | |
| | | ആകെ | 4,97,715 | | | 1,65,209 |
| II | വികസനഫണ്ട് ചെലവഴിക്കേണ്ടത്. (3127 X 212 =662924 X 75 % | | 4,97,193 | ഗുണഭോക്തൃവിഹിതം ചെലവഴിക്കേണ്ടത് (3127 X 212 =662924 X 25 % | | 1,65,731 |
| III | കൂടുതലായി /കുറവായി ചെലവഴിച്ചത് | | 522 | | | (522) |

3.1.1 ഗുണഭോക്തൃ വിഹിതം 1,66,420 രൂപ പിരിച്ചെടുക്കുകയും 1,65,209 രൂപ മാത്രം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ളതും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതുമായ (1,66,420-1,65,209) 1211 രൂപയിൽ 522 രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നും ചെലവഴിക്കേണ്ടതിന് പകരം വികസനഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച തുകയാണ്. ആയതിനാൽ 522 രൂപ വികസനഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

3.1.2 ബാക്കി 689 രൂപ ഗുണഭോക്തൃവിഹിതം ഇനത്തിൽ കൂടുതലായി ശേഖരിച്ചതും നിലവിൽ വാർഷികകണക്കിൽ ബാധ്യതയായി അവശേഷിക്കുന്നതുമാണ്. ഈ തുക 212 ഗുണഭോക്താക്കൾക്ക് തിരികെ നല്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ബാധ്യത ശീർഷകത്തിൽ നിന്ന് പഞ്ചായത്തിന്റെ വരുമാനമായി ക്രമീകരിക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനനുസൃതമായി തുക ക്രമീകരിച്ച് മറുപടി നൽകേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 7 തീ 17/1/2019)

## 3-2 ആശ്രയ-കുടുംബശ്രീ ക്ക് കൈമാറിയ നൽകിയ തുക വിനിയോഗിച്ചില്ല-5000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ 16/18 -ആശ്രയ
നിർവ്വഹണം-വി.ഇ.ഒ (കാറളം)
ബിൽ നമ്പർ 17 തീ 8/2/18- രൂപ 5,000

പദ്ധതിയുമായി ബന്ധപ്പെട്ട് 5000 രൂപ കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രമോ, ചെലവ് രേഖകളോ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 5,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗിക്കാത്ത തുക തിരികെ അടവാക്കേണ്ടതാണ്. ആവശ്യാനുസരണമല്ലാതെ കുടുംബശ്രീയ്ക്ക് തുക കൈമാറുന്നത് നിരുത്സാഹപ്പെടുത്തേണ്ടതും

(ഓഡിറ്റ് എൻക്വയറി 7 തീ 17/1/2019) ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 3-3 ഐ.സി.ഡി.എസ്. സൂപ്പർവൈസർ -ബാങ്ക് പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കണം

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കാഷ് ബുക്ക് പ്രകാരം 25,180 രൂപ ബാങ്ക് മുന്നിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എസ്.ബി.ടി-ഇരിങ്ങാലക്കുട ശാഖയിലുള്ള 57070062224 ആം നമ്പർ അക്കൗണ്ടിലാണ് നീക്കിയിരിപ്പ് ഉള്ളത് എന്ന് ചെക്ക് ബുക്കിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 10 തീ 17/1/2018).

പാസ്സ്ബുക്ക് ലഭ്യമല്ല എന്നും ഡ്യൂപ്ലിക്കേറ്റ് പാസ്സ്ബുക്കിന് ബാങ്ക് ശാഖയിൽ അപേക്ഷ നൽകിയിട്ടുണ്ട് എന്നും അത് ലഭിച്ച ശേഷം നിർദ്ദേശിക്കപ്പെടുന്ന ശീർഷകത്തിൽ തുക തിരച്ചടക്കുമെന്നും നിർവ്വഹണോദ്യഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പാസ്സ്ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതും അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണോയെന്ന് പരിശോധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-4 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലർ -രേഖകൾ പൂർണമായും ഹാജരാക്കുന്നത് വരെ 6,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്-155/18 ഭിന്ന ശേഷിക്കാർക്ക് സൈഡ് വീലർ
നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം

ചെലവ് വിവരങ്ങൾ

| ക്രമ നം. | ഇൻവോയ്സ് | തീയ്യതി | തുക | ട്രഷറി ബിൽ/ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|---|
| 1 | MKTG/TRD /0039/2017-18 | 24/01/2018 | 5,25,000 | 8/2017-18 | 22/2/2018 | 3,50,000 |
| 2 | MKTG/TRD /0089/2017-18 | 05/03/2018 | 75,000 | ചെക്ക് 2391647 | 21/2/2018 | 1,75,000 |
| 3 | | | | ചെക്ക് 2391653 | 27/3/2018 | 75,000 |
| | | | 6,00,000 | | | 6,00,000 |

കെൽട്രോൺ ഇലക്ട്രോ സിറാമിക് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് മേൽ പ്രോജക്റ്റ് പ്രകാരം 8 സൈഡ് വീലറുകൾ (110cc), താഴെ ചേർത്തിരിക്കുന്ന 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുവാൻ വാങ്ങുകയും 6,00,000 രൂപ സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | കുറിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീമതി. സുഭാഷിണി | ലൈസൻസ് ഇല്ല |
| 2 | ശ്രീ. സദാനന്ദൻ | ലൈസൻസ് ഇല്ല |
| 3 | ശ്രീ. മൻഷൂർ | ലൈസൻസ് ഇല്ല |
| 4 | ശ്രീ. ഗിരിശൻ | ലൈസൻസ് ഇല്ല |
| 5 | ശ്രീമതി. രത്നവല്ലി | ലൈസൻസ് ഇല്ല |
| 6 | ശ്രീ. നരേന്ദ്രനാഥൻ | ലൈസൻസ് ഇല്ല |
| 7 | ശ്രീ. സതീശൻ | ---- |
| 8 | ശ്രീ. രഘുനന്ദൻ പി എ | ---- |

എന്നാൽ താഴ ചേർത്തിരിക്കുന്ന കാരണങ്ങളാൽ ചെലവ് തുകയായ 6,00,000 രൂപ തടസ്സപ്പെടുത്തുന്നു.

3.4.1 ഗുണഭോക്താക്കൾ വാഹനം കൈപ്പറ്റിയതിന് കൈപ്പറ്റ് രസീത് ഇല്ല.

3.4.2 വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല.

3.4.3 ഗുണഭോക്താക്കളിൽ ലൈസൻസ് ഇല്ലാത്തവർക്കും ലേണേഴ്സ് ലൈസൻസ് മാത്രം ഉള്ളവർക്കും ലേണേഴ്സ് ലൈസൻസിന് അപേക്ഷിച്ചവർക്കും വാഹനം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ ലൈസൻസിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 8 തീ 17/1/2018)

## 3-5 കാഴ്ചയില്ലാത്തവർക്ക് ലാപ്പ്ടോപ്പ്-ഗുണഭോക്താവിന് ലാപ്പ്ടോപ്പ് ലഭ്യമാക്കിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല-ചെലവ് തുക 28,740 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് – 156/18
കാഴ്ചയില്ലാത്തവർക്ക് ലാപ്പ്ടോപ്പ്
നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം

| ക്രമ നം. | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് | തീയ്യതി | സ്ഥാപനം |
|---|---|---|---|---|---|---|
| 1. | 12/2017-18 | 28/3/2018 | 28740 | എസ്. 40 | 8/2/18 | സ്മാർട്ട് ടെക്നോളജി |

മേൽ പ്രോജക്ട് പ്രകാരം ഗുണഭോക്താവായ ശ്രീ ഡാൽവിൻ ലൂയിസ്, അല്ലെങ്കിൽ ശ്രീ. ഡാൽവിൻ ലൂയിസിന് വേണ്ടി അദ്ദേഹത്തിന്റെ രക്ഷിതാവ്, ലാപ്പ്ടോപ്പ് കൈപ്പറ്റിയതിന്റെ രസീത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 28,740 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 8 തീ. 17/1/2019)

## 3-6 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ. മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്ലാസ്റ്റിക് കസേരകൾ വാങ്ങി നൽകി

സ.ഉ.(എം.എസ്) നമ്പർ.80/2017/ത.സ്വ.ഭ.വ., തിയ്യതി.03.04.2017 ഖണ്ഡിക 11.8(4) പ്രകാരം പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അയ്യായിരം രൂപയിലധികരിക്കാതെ മരത്തിലോ, സ്റ്റീലിലോ ഉള്ള മേശയും കസേരയും വാങ്ങി നൽകാവുന്നതാണ്. എന്നാൽ പഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ എന്ന പ്രോജക്റ്റിന്റെ ഭാഗമായി 485 രൂപ വിലയുള്ള നീൽകമൽ പ്ലാസ്റ്റിക് കസേരകളാണ് വാങ്ങി നൽകിയത്. മാർഗ്ഗ രേഖയ്ക്ക വിരുദ്ധമായി പ്ളാസ്റ്റിക് കസേര വാങ്ങി നൽകിയത് ശരിയായ നടപടിയല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-7 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ. താഴ്ന്ന നിരക്കിലുള്ള ടെൻഡർ നിരസിച്ചതിന് വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്റ്റ് നമ്പർ. Soo22/18

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിക്കുകയും നാല് സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിക്കുകയും ചെയ്തു. ഇതിൽ മോഡേൺ ഇൻഡസ്ട്രീസ് നോർത്ത് പറവൂർ എന്ന സ്ഥാപനം നീൽകമൽ കസേരക്കായി മൂന്ന് നിരക്കുകൾ ക്വോട്ട് ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്കായ 432 രൂപക്കുള്ള കസേര വാങ്ങാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ശുപാർശ ചെയ്തു. എന്നാൽ 13/10/2017 തിയ്യതിയിലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി യോഗത്തിലെ 17/01 നമ്പർ തീരുമാനത്തിൽ ഇതേ സ്ഥാപനത്തിന്റെ തന്നെ 485 രൂപ നിരക്കിലുള്ള കസേരകൾ വാങ്ങാനാണ് തീരുമാനിച്ചത്. ഉയർന്ന നിരക്കിലുള്ള കസേരകൾ വാങ്ങുന്നതിന് മതിയായ ഒരു കാരണവും കമ്മിറ്റിയിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഒരു തീരുമാനവും പർച്ചേസ് കമ്മിറ്റിയും കൈകൊണ്ടിട്ടില്ല. ഈ സാഹചര്യത്തിൽ താഴ്ന്ന നിരക്ക് നിരസിച്ചുകൊണ്ടുള്ള തീരുമാനമെടുത്തതിന്റെ സാധുതയെന്ത് എന്ന ഓഡിറ്റ് എൻക്വയറിക്ക് സാമ്പിൾ പരിശോധനയിൽ ഗുണമേൻമ കൂടിയതെന്ന് കണ്ടതിനാലാണ് ഉയർന്ന നിരക്കിലുള്ള കസേരകൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രൊക്യുയർമെന്റ് കമ്മിറ്റി ഇതിൻമേൽ തീരുമനമെടുക്കാത്തതിന് വ്യക്തമായ കാരണമൊന്നും അറിയിച്ചിട്ടില്ല. ടെൻഡർ പോലുള്ള തീരുമാനങ്ങൾ എടുക്കുന്നതിൽ ബന്ധപ്പെട്ട കമ്മിറ്റികൾ കുറേക്കൂടി ജാഗ്രത പുലർത്തണമെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

## 3-8 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ – 18/17-18

ബിൽ നമ്പർ – 11/17-18 തി.31.10.17

എസ്.സി. പഠനമുറിക്കായി അഡ്വാൻസ് ഇനത്തിൽ 50000 രൂപ കൈപ്പറ്റിയ

സുകുമാരൻ.എം.എം. ഈ ഗുണഭോക്താവ് നാളിതുവരെ പണി പൂർത്തിയാക്കി അവസാനഗഡു തുക കൈപ്പറ്റിയിട്ടില്ല എന്നു കാണുന്നു. പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, പണികൾ ഒന്നും ചെയ്യാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 പഠനമുറി ഗുണഭോക്താവിന് അഡ്വാൻസ് അധികം നൽകി.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് – 18/17-18

താഴെ ചേർക്കുന്ന ഗുണഭോക്താവിന് അഡ്വാൻസ് അധികം നൽകി.

1.സതി അയ്യപ്പൻ.

ബിൽ നമ്പർ. 13/17-18-50000 തി.31.10.17

ബിൽ നമ്പർ.22/17-18- 25000 തി.09.03.18

ജി.ഒ (ആർ.ടി)1683/17 തിയ്യതി 23.05.17 പ്രകാരം ആകെ നൽകാവുന്ന അഡ്വാൻസ് 50000 രൂപ മാത്രമാണ്. എന്നാൽ സതി അയ്യപ്പൻ എന്ന ഗുണഭോക്താവിന് 75000/- രൂപ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 06/2018 ൽ പണി പൂർത്തീകരിച്ചതായും ബാക്കിതുക കൈപ്പറ്റിയതായും അറിയിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം അഡ്വാൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 തെരുവു വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല.

ഓഡിറ്റ് വർഷം തെരുവുവിളക്കുകളുടെ മെയിന്റനൻസിന് പ്രധാനമായും ട്യൂബ് സെറ്റ് , സി.എഫ്.എൽ. എന്നിവക്കായി പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ തെരുവുവിളക്കുകളുടെ സമഗ്രമായ ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. ഓട്ടോ സി.എഫ്.എൽ മെയിന്റനൻസിനായി താഴെ ചേർക്കും പ്രകാരം തുക ചെലവിട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | എണ്ണം | നിരക്ക് | ചെലവിട്ട തുക |
|---|---|---|---|---|
| 1 | 185/17-18 | 113 | 850 | 96050 |
| 2 | 13/17-18 | 94 | 650 | 61100 |

കരാർ പ്രകാരം ഒരു വർഷത്തെ വാറന്റിയാണ് ഓരോ മെയിന്റനൻസിനും ഉള്ളതായി കാണുന്നത്. എന്നാൽ ഏതൊക്കെ നമ്പർ പോസ്റ്റിൽ മെയിന്റനൻസ് നടത്തി എന്ന് ഓഡിറ്റ് വർഷത്തിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇത് ഒരു വർഷ വാറന്റി ഉറപ്പാക്കുന്നതിന് തടസ്സമാണെന്നു കാണാം. പൊതുമരാമത്ത് ഊർജ്ജം വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തെരുവുവിളക്കു പരിപാലനവുമായി ബന്ധപ്പെട്ട ക്രിയാത്മക നിർദ്ദേശങ്ങൾ ഒന്നും തന്നെ ഉയർന്നു വന്നതായി കാണുന്നില്ല. തെരുവു വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-11 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം വിനിയോഗിക്കാതെ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-3000 രൂപ വികസനഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

പ്രോജക്റ്റ് 34/18 ബയോഗ്യാസ് പ്ലാന്റ് (എസ്.സി)
നിർവ്വഹണം-വി.ഇ.ഒ. (മനവലശ്ശേരി)

ചെലവ് വിവരങ്ങൾ

| ക്രമ നം. | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഫണ്ട് | കുറിപ്പ് |
|---|---|---|---|---|---|
| 1. | 28/2017-18 | 30/3/2017 | 2,100 | വികസനഫണ്ട് | 2016-17 ലെ ചെലവ് |
| 2. | 4/2017-18 | 11/9/2018 | 8,400 | “ | 2017-18 ലെ ചെലവ് |
| | | | 10,500 | | |

യൂണിറ്റ് 1 ന് 10,500 എന്ന നിരക്കിലുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശ്രീ. വേലായുധൻ എന്നവരിൽ നിന്നും 3000 രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുണ്ട്.(രസീത് നമ്പർ 11603105219 തീ 17/3/17). എന്നാൽ നിർവ്വഹണ ഏജൻസിയായ SEUF-ന് ചെലവ് തുകയായ 10,500 രൂപ പൂർണമായും നൽകിയിരിക്കുന്നത് വികസനഫണ്ടിൽ നിന്നാണ്. ഗുണഭോക്തൃവിഹിതം പഞ്ചായത്ത് ഫണ്ടിൽ ചെലവാക്കാതെ അവശേഷിക്കുന്നു. ഇപ്രകാരം ചെയ്തതിനാൽ വികസനഫണ്ടിൽ നിന്ന് 3000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം പിൻവലിച്ച് വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച തുക വികസനഫണ്ടിലേയ്ക്ക് തിരികെ അടക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 9 തീ. 17/1/2019)

## 3-12 സ്വയം തൊഴിലിന് സബ്സിഡി-രേഖകളുടെ അഭാവത്തിൽ ചെലവ് തുക 3,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് എസ്.ഒ. 32/18 - തുണി സഞ്ചി, പേപ്പർബാഗ് നിർമാണ യൂണിറ്റ്
നിർവ്വഹണം-വി.ഇ.ഒ. (മനവലശ്ശേരി)

ചെലവ് തുക – ബിൽ നമ്പർ 22 തീ. 24/3/18- 3,00,000 രൂപ

ഈ പ്രോജക്റ്റ് പ്രകാരം അനുഗ്രഹ കുടുംബശ്രീ യൂണിറ്റിന് പേപ്പർബാഗ് യൂണിറ്റ് തുടങ്ങുന്നതിന്

പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3,00,000 രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരമുള്ള സാമ്പത്തിക അവലോകനം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെലവ് | തുക | ധനാഗമ മാർഗങ്ങൾ | തുക |
|---|---|---|---|---|
| 1. | സ്ഥിരാസ്തികൾ | 1,50,000 | ബാങ്ക് വായ്പ | 5,00,000 |
| 2. | പ്രവർത്തന മൂലധനം | 4,00,000 | തനത് വരുമാനം | 50,000 |
| | | 5,50,000 | | 5,50,000 |

കാനറ ബാങ്ക് കാറളം ശാഖ,ഗ്രൂപ്പിന് 2,50,000 രൂപ കാലാവധി വായ്പയും 1,50,000 രൂപ ഓവർഡ്രാഫ്റ്റും അനുവദിച്ചതായി കാണുന്നുണ്ട്.

3.12.1 സർക്കാർ ഉത്തരവ് (എം.എസ് 80/17 ത.സ്വ.ഭ.വ തീ 3/4/2017) ഖണ്ഡിക 8.7.2(ബി) പ്രകാരമുള്ള നിബന്ധനകൾ പാലിച്ചുവോയെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ ലഭ്യമല്ല.

3.12.1 അംഗങ്ങൾ ആരൊക്കെയാണെന്നും എത്ര പേരുണ്ടെന്നും സംബന്ധിക്കുന്ന വിവരങ്ങൾ .
3.12.2 അംഗങ്ങളുടെ വാർഷിക വരുമാനം സംബന്ധിക്കുന്ന രേഖകൾ.
3.12.3 അംഗങ്ങൾ തൊഴിൽ രഹിതരാണെന്ന് തെളിയിക്കുന്ന രേഖകൾ.

3.2 പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം 1,50,000 രൂപയാണ് സ്ഥിരാസ്തികളുടെ മൂല്യം. മെഷിനറികളുടെ വില കണക്കാക്കുന്നതിന് 2,17,990 രൂപയുടെ ക്വട്ടേഷൻ ഹാജരാക്കിയിട്ടുണ്ട്. ഈ തുകയുടെ 75% തുകയിൽ സബ്സിഡി തുക പരിമിതപ്പെടുത്തണമെന്ന് മേൽ സർക്കാർ ഉത്തരവിൽ പരാമർശമുണ്ട്. എന്നാൽ സബ്സിഡി തുക ഇപ്രകാരം പരിമിതപ്പെടുത്തിയില്ല. സ്ഥിരാസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തുക സബ്സിഡി അനുവദിച്ചിരിക്കുന്നു. മാത്രമല്ല, സബ്സിഡിയുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നതിന് മെഷിനറികളോ മറ്റ് ആസ്തികളോ വാങ്ങിയതിന്റെ ബില്ലിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

3.3 യൂണിറ്റുമായി നിർവ്വഹണോദ്യോഗസ്ഥ കരാറിൽ ഏർപ്പെട്ടിട്ടില്ല. (ധനസഹായം ലഭ്യമാക്കി വീട് പണിനടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്നതും നിർവ്വഹണോദ്യോഗസ്ഥയും SHG യും ഒപ്പിട്ടതുമായ കരാർ പത്രിക ആണ് ഫയലിൽ നിന്നും ലഭിച്ചിട്ടുള്ളത്)

3.4 സ്ഥാപനം നടത്തുന്നതിന് പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തതായി കാണുന്നില്ല.
മേൽ രേഖകൾ ഹാജരാക്കുന്നതുവരെ/ന്യൂനതകൾക്ക് മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 3,00,000 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 9 തീ 17/1/2019)

## **3-13** സർവ്വീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർക്ക് താഴെപ്പറയും വിധം തുക സർവീസ് ടാക്സ്

അടവാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ട്രഷറി ബിൽ നമ്പർ | അനുവദിച്ച തുക |
|---|---|---|---|
| ആയുർവേദാശുപത്രി മെയിൻറനൻസ് | റോജോ ജോസ് | 3/2017-18 | 14252 |
| വടക്കേ കോളനി കുടിവെള്ളടാങ്ക് സംരക്ഷണം | സെനിത്ത് പിയൂസ് | 4/2017-18 | 9862 |
| വെള്ളാനി ശ്മശാനം മെയിൻറനൻസ് | സെനിത്ത് പിയൂസ് | 5/2017-18 | 6578 |
| നളന്ദ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണം | പിയൂസ്.എം.വി. | 6/2017-18 | 10790 |
| വെള്ളാനി എസ്.സി. ഭൂമിക്ക് ചുറ്റുമതിൽ | രാധ അശോകൻ | 12/2017-18 | 26456 |
| 57ാം നമ്പർ അങ്കണവാടി മെയിൻറനൻസ് | പിയൂസ്.എം.വി. | 14/2017-18 | 9668 |
| പ്രിയം അങ്കണവാടി മെയിൻറനൻസ് | ,, | 16/2017-18 | 10499 |
| പൗർണ്ണമി അങ്കണവാടി മെയിൻറനൻസ് | ,, | 17/2017-18 | 11151 |
| ആകെ | | | 99256 |

സർവീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ 99256 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

| | |
|---|---|
| അടങ്കൽ തുക | 31977750 |
| മുൻബാക്കി | 21750 |
| തൻവർഷത്തെ വരവ് | 5133614 |
| തൻവർഷത്തെ ചെലവ് | 4746808.50 |
| വർഷാന്ത്യനീക്കിയിരിപ്പ് | 408555.50 |
| തൻവർഷം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 544 |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 90 |

| | |
|---|---|
| വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2244 |
| തൻവർഷം സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | 14620 |
| തൻവർഷം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 341 |
| നൂറ് തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 21 |
| തൻവർഷം വിതരണം ചെയ്ത വേതനം | 3819684 |
| സ്ഥിരം ആസ്തികളുടെ വിവരം | 4 കിണർ |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 125000 | 0 |
| | 2017-18 | 100000 | പച്ചക്കറി കൃഷി | 100000 | 0 |
| | 2017-18 | 170000 | പാലിന് സബ്സിഡി | 170000 | 0 |
| | 2017-18 | 250000 | നെൽകൃഷി | 250000 | 0 |
| | 2017-18 | 50000 | നെൽകൃഷി | 50000 | 0 |
| | 2017-18 | 100000 | കിണർ റീച്ചാർജിങ് | | 100000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | മാനസിക/ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 125000 | 0 |
| | 2017-18 | 350000 | സ്കൂട്ടർ സബ്സിഡി | 250000 | 100000 |
| | 2017-18 | 500000 | പാലിന് സബ്സിഡി | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2017-18 | 300000 | നെൽകൃഷി | 300000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

B18 ഷെഡ്യൂൾ പ്രകാരം ബാലൻസ് 7844/- രൂപയുണ്ട്. മറ്റു വിശദാംശങ്ങൾ ലഭ്യമല്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവ് 10,498/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3.23 | 2392 | | 117030101457 - 30.08.2017 |
| 2011-12 | 3.9 | 1276 | ലില്ലി.എൻ.ഒ., സെക്രട്ടറി | 11603100323 – 21.4.2016 |
| | ആകെ | 3668 | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | 3-8 -8 | കുടിവെള്ള വിപുലീകരണം | ഹിയറിങ്ങിന് ഹാജരായപ്പോൾ ഒഴിവാക്കിയതായി നിയമസഭ സമിതി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 2000-01 | 38 | 2003-04 | 3-8 | കെ.എൽ.ഡി.സി. ബണ്ടിനോട് ചേർന്ന തോട് നിർമ്മാണം | ഹിയറിങ്ങിന് ഹാജരായപ്പോൾഒഴിവാക്കിയതായി നിയമസഭ സമിതി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2000-01 | 44 | 2003-04 | 3-8 | ചെങ്ങാലിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ | ഹിയറിങ്ങിന് ഹാജരായപ്പോൾ ഒഴിവാക്കിയതായി നിയമസഭ സമിതി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 2000-01 | 45 | 2003-04 | 3-8 | മൃഗാശുപത്രിയുടെ കോമ്പൗണ്ട് വാൾ മൊബിലൈസേഷൻ | ഹിയറിങ്ങിന് ഹാജരായപ്പോൾ ഒഴിവാക്കിയതായി നിയമസഭ സമിതി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 2000-01 | 45 | 2003-04 | 3-8 | സ്വതന്ത്ര സുവർണ്ണ ജൂബിലി റോഡ് | നിയമസഭ സമിതിയുടെ നിർദ്ദേശ പ്രകാരം 12/09/2015ല് എം.ബുക്കം, ബില്ലം, മറ്റ് അനുബന്ധ രേഖകളും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഫീസിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 51 | 2002-03 | 3-8-4-1 | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ- ക്രമക്കേടുകൾ | ഹിയറിങ്ങിന് ഹാജരായപ്പോൾ ഒഴിവാക്കിയതായി നിയമ സഭാസമിതി അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| ,, | 53 | ,, | 3-8-4-2 | അംബേദ്ക്കർ കോളനി റോഡ് പൂർത്തീകരണം | ,, |
| ,, | 56(1) | ,, | 3-8-4-3 | മേച്ചേരിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ നടത്തിപ്പിലെ അപാകതകൾ | ,, |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,48,32,239/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,04,29,408/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9,33,740/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 5,000 | ശ്രീമതി രാധിക സി.ബി ,വി.ഇ.ഒ (കാറളം) |

| | | |
|---|---|---|
| 3-4 | 6,00,000 | ഡോ.സുരേഷ് കുമാർ.ടി.വി., മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം |
| 3-5 | 28,740 | ഡോ.സുരേഷ് കുമാർ.ടി.വി., മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം |
| 3-12 | 3,00,000 | ശ്രീമതി.അജിത പി.ബി., വി.ഇ.ഒ. (മനവലശ്ശേരി) |
| ആകെ | 9,33,740/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം |
|---|---|---|
| 2-1 | 2801/- | ആദായ നികുതി |
| 2-1 | 14,005/- | മൂല്യ വർധിത നികുതി |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ടി.പി.7-232/13 തീയ്യതി15.3.2014/ 16.6.2014ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1992-93, 1993-94 | |
| 1994-95, 1995-96 | കെ.എസ്.എ.ടി.എസ്.ആർ.പി.7-274/16 തിയ്യതി. 18.4.2016/ 10.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1996-97 | |

| | |
|---|---|
| 1997-98 | |
| 1998-99 (വരവ്) | |
| 1998-99 (ചെലവ്) | |
| 1999-00 | |
| 2000-01 | എൽ.എഫ്.ടി.16-875/02/21.10.02 |
| 2001-02 പദ്ധതി വരവ്-ചെലവ് | എൽ.എഫ്.ടി.16-1340/03/20.02.04 |
| 2001-02 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-827/05/09.03.06 |
| 2002-03 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1821/07/22.09.08 |
| 2003-04 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1822/07/22.09.08 |
| 2004-05 (വരവ്-ചെലവ്) | എൽ.എഫ്.ടി.16-1823/07/22.09.08 |
| 2005-06 | എൽ.എഫ്.ടി.16-582/10/24.01.11 |
| 2006-07 | എൽ.എഫ്.ടി.16-583/10/24.01.11 |
| 2007-08 | എൽ.എഫ്.ടി.പി.11-1199/11/06.02.11 |
| 2008-09 | എൽ.എഫ്.ടി.പി.11-1200/11/05.02.11 /18.09.12 |
| 2009-10,2010-11 | എൽ.എഫ്.ടി.പി.(3)2295/12/18.03.13 /01.07.13 |
| 2011-12 | എൽ.എഫ്.ടി.പി.(3)232/13/17.04.13 /01.08.13 |
| 2012-13 | എൽ.എഫ്.ടി.പി.(7)1700/14/09.02.15 /08.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)183/16/ 19.2.2016/10.3.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)1151/16 തിയ്യതി 20.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)148/17 തിയ്യതി 21.07.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (പി.7)1718/17 തിയ്യതി30.11.17/ 01.01.2018 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും

കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാറളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ